ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗ് പരിശോധിച്ച റോഡുകൾ

175(1432). ശ്രീ. ജോസഫ്. എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അപ്ഗ്രഡേഷൻ ഓഫ് ഒ.ഡി.ആർ. അണ്ടർ പി.ഡബ്ല്യു.ഡി. ഡിവിഷൻ പത്തനംതിട്ട എന്ന പേരിൽ സമർപ്പിച്ച കല്ലൂപ്പാറ നിയോജകമണ്ഡലത്തിലെ 42 റോഡ് വർക്കുകളിൽ ഏതെങ്കിലും ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗിന്റെ പരിശോധനയിൽ അപാകതയുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എന്തു അപാകതയാണ് കണ്ടെത്തിയത്; ഏതിനൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഗണത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ 2010 ഒക്ടോബർ -നവംബർ കാലയളവിൽ സമർപ്പിച്ച ലിസ്റ്റിലെ ഏതൊക്കെ വർക്കുകൾക്കാണ് ധനകാര്യവകുപ്പ് ഭരണാനുമതി നൽകിയത് ; നിയോജകമണ്ഡലം തിരിച്ച് വ്യക്തമാക്കുമോ ;

(സി) ഇതിൽപ്പെടാത്ത വർക്കുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെയാണ് ; അതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(ഡി) എക്സിക്യൂട്ടീവ് എഞ്ചിനീയർ പഴയ ഒ.ഡി.ആർ. റോഡുകളുടെ പേരുവിവരവും എസ്റ്റിമേറ്റും നൽകിയിരിക്കെ അതിന് ഭരണാനുമതി നൽകാതിരിക്കുകയും ഇതൊന്നുമില്ലാത്ത റോഡുകൾക്ക് ഭരണാനുമതി നൽകുകയും ചെയ്തതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) കല്ലൂപ്പാറ നിയോജകമണ്ഡലത്തിലെ റോഡ് വർക്കുകളിൽ ഫിനാൻസ് ഇൻസ്പെക്ഷൻ (ജി) വിംഗ് പരിശോധന നടത്തിയിട്ടില്ല. എന്നാൽ കല്ലൂപ്പാറ നിയോജകമണ്ഡലത്തിലെ റോഡുകളിൽ ഏതെല്ലാം ഗതാഗത യോഗ്യമല്ലാത്ത തരത്തിൽ മോശമാണെന്നും റീ-സർഫേസിംഗ് ആവശ്യമായ ഏതെല്ലാം കണ്ടെത്തുന്നതിലേക്കായി പരിശോധന നടത്തിയിട്ടുള്ളതും അതിൻ പ്രകാരം 11 റോഡുകളിൽ ബിറ്റ് സി.ഡി. വർക്കും ഒന്നിൽ റീസർഫേസിംഗും നടത്താൻ പൊതുമരാമത്ത് വകുപ്പിന് ശുപാർശ ചെയ്തിട്ടുള്ളതുമാകുന്നു.

(ബി-ഡി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly